No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2020

## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശനം–2020

## സ്ട്രേ വേക്കൻസികൾ നികത്തുന്നത് സംബന്ധിച്ച്

2020-ലെ വർഷത്തെ ബി.ഡി.എസ് കോഴ്സിലെ ഒഴിവുകൾ നികത്തുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി കോളേജടിസ്ഥാനത്തിൽ നടത്തിയ അലോട്ട്മെന്റിനുശേഷവും വിവിധ ദന്തൽ കോളേജുകളിൽ ഒഴിവുകൾ നിലനിൽക്കുന്നു. ഈ ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടുന്നതിന് യോഗ്യരായവർക്ക് ഒരവസരം കൂടി നൽകുന്നു. ഈ ഘട്ടത്തിലും പ്രവേശന മാനദണ്ഡങ്ങൾ പാലിച്ച് അതാത് കോളേജ് തലത്തിലായിരിക്കും അഡ്മിഷൻ നടത്തുന്നത്. പ്രസ്തുത ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

- പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവരും ബി.ഡി.എസ് കോഴ്സിന് നീറ്റ് യോഗ്യത നേടിയവരും ആയിരിക്കണം.
- നിലവിൽ എം.ബി.ബി.എസ്, ബി.ഡി.എസ് അഡ്മിഷൻ നേടാത്തവരായിരിക്കണം.
- കീം 2020 പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരം ബി.ഡി.എസ് കോഴ്സിലേക്ക് പരിഗണിക്കപ്പെടുന്നതിനുള്ള അക്കാദമിക് യോഗ്യതയുള്ളവരായിരിക്കണം.

ഈ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി താത്പര്യമുള്ള വിദ്യാർത്ഥികൾ കീം 2020 പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പ്രതിപാദിക്കുന്ന അസ്സൽ രേഖകളുമായി **27.01.2021 3.00** മണിയ്ക്കകം ഒഴിവുള്ള കോളേജുകളുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കേണ്ടതാണ്. **27.01.2021, 3.00** മണി വരെ ഹാജരാകുന്ന വിദ്യാർത്ഥികളെ മാർഗനിർദ്ദേശപ്രകാരം പ്രോസ്പകെടസ് വ്യവസ്ഥകൾ പാലിച്ച് നിലവിലെ ഒഴിവുകളിലേക്ക് പരിഗണിച്ച് ഒഴിവുകൾ അതാത് കോളേജുകൾ നികത്തുന്നതാണ്. കാറ്റഗറി സീറ്റുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം അർഹമായ കാറ്റഗറിയായി പരിവർത്തനം ചെയ്ത് മേൽ പറഞ്ഞ തീയതിയ്ക്കകം അതാത് കോളേജുകൾ പ്രവേശനം നടത്തുന്നതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ, ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

തിരുവനന്തപുരം
22 .01.2021

(Signature)
പ്രവേശന പരീക്ഷാ കമ്മീഷണർ